# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം.കെ.എസ്.എ.കെ.ടി.എം.പി11/1188/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 24/09/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൂട്ടിക്കൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.കെ.ടി.എം.പി11/1188/2021 തീയ്യതി: 24/09/2021

## കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 25-06-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-09-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 26-08-2021 | 13-09-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 26-08-2021 | 13-09-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീമതി ജെസ്സി ജോസ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ നാസർ സി എസ് | സെക്രട്ടറി | 01-04-2019 | 31-05-2019 |
| ശ്രീമതി സോഫിയമാത്യു | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2019 | 23-07-2019 |
| ശ്രീ കൃഷ്ണകുമാർ ഇ എസ് | സെക്രട്ടറി | 24-07-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ ബെന്നിതോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 22-07-2019 |
| ശ്രീമതി ദീപാകൃഷ്ണൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 23-07-2019 | 13-11-2019 |
| ശ്രീ ബെന്നിതോമസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 13-11-2019 | 30-11-2019 |
| ശ്രീ അജീഷ് കെ ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 02-12-2019 | 31-03-2020 |
| ശ്രീമതി സോഫിയമാത്യു | അസി.സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ അനിൽകുമാർ പി ആർ | വി ഇ ഒ | 01-04-2019 | 04-12-2019 |
| ശ്രീമതി ആൻസി ജോസഫ് | വി ഇ ഒ | 05-12-2019 | 31-03-2020 |
| ശ്രീമതി സിന്ധു കെ മാത്യു | കൃഷിഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ പ്രസൂൺ മാത്യ | മെഡിക്കൽ ഓഫീസർ ,സി എച്ച് സി | 01-04-2019 | 31-03-2020 |
| ഡോ നെൽസൺ എം മാത്യു | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി ഗീതാമോൾ സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2019 | 31-12-2019 |
| ശ്രീമതി ഗീത പി കെ | ഐ സി ഡി എസ് സൂപ്പർവൈസർ | 01-01-2020 | 31-03-2020 |
| ശ്രീമതി | ഡയറി ഫാം | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| സൂസൻജോസഫ് | ഇൻസ്ട്രക്ടർ | | |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Rajesh M (Asst. Audit Officer, On 08-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 12-09-2021) | 1-1 |
| 2 | വാർഷികധനകാര്യ പത്രിക<br>Written By: Rajesh M (Asst. Audit Officer, On 08-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Rajesh M (Asst. Audit Officer, On 08-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Maya R (Audit Officer, On 05-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 05-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-6 |
| 7 | സാമൂഹ്യക്ഷേമ പദ്ധതികൾ<br>Written By: Rajesh M (Asst. Audit Officer, On 08-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-7 |
| 8 | ക്യാഷ്ബാലൻസ് പരിശോധന<br>Written By: Rajesh M (Asst. Audit Officer, On 08-09-2021)<br>Last Updated By: Maya R (Audit Officer, On 09-09-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണ സംവിധാനം<br>Written By: Maya R (Audit Officer, On 09-09-2021)<br>Last Updated By: Maya R (Audit Officer, On 13-09-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Rajesh M (Asst. Audit Officer, On 08-09-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 08-09-2021) | 1-10 |
| 11 | തൊഴിൽ നികുതി അടച്ചിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-11 |
| 12 | വെട്ടിക്കാനം കുടിവെള്ളപദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കൽ- പഴയ മോട്ടോർ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല<br>Written By: Maya R (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-12 |
| 13 | വൗച്ചറുകളും അനുബന്ധരേഖകകളും ഹാജരാക്കിയിട്ടില്ല.<br>Written By: Ranjith M (Senior Grade Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-13 |
| 14 | ഗ്രാമപഞ്ചായത്തിൽ വിവിധ ബോർഡുകൾ സ്ഥാപിക്കൽപ്രൊജക്റ്റ് - വികസന ഫണ്ട് പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു-ക്രമവിരുദ്ധം<br>Written By: Maya R (Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-14 |
| 15 | റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ കെട്ടിടനിർമ്മാണം- ക്രമവിരുദ്ധം<br>Written By: Maya R (Audit Officer, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-15 |
| 16 | വനിതാ ഗ്രൂപ്പുകൾക്ക് വാഴവിത്തും വളവും-സബ്സിഡി | 1-16 |

| | | |
|---|---|---|
| | മാർഗ്ഗരേഖ പാലിച്ചില്ല<br>Written By: Rajesh M (Asst. Audit Officer, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | |
| 17 | ലൈഫ് പദ്ധതി അവലോകനം.<br>Written By: Ranjith M (Senior Grade Auditor, On 10-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-17 |
| 18 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം- ടെൻഡർ നടപടികളിൽ സുതാര്യതയില്ല.<br>Written By: Maya R (Audit Officer, On 11-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 1-18 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 22-09-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Maya R (Audit Officer, On 09-09-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Maya R (Audit Officer, On 13-09-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Ranjith M (Senior Grade Auditor, On 08-09-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Maya R (Audit Officer, On 09-09-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Ranjith M (Senior Grade Auditor, On 08-09-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Ranjith M (Senior Grade Auditor, On 08-09-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Ranjith M (Senior Grade Auditor, On 08-09-2021) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Ranjith M (Senior Grade Auditor, On 08-09-2021)<br>Last Updated By: Ranjith M (Senior Grade Auditor, On 08-09-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rajesh M (Asst. Audit Officer, On 12-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 20-09-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം<br>Written By: Maya R (Audit Officer, On 20-09-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 24-09-2021) | 4-11 |
| **അനുബന്ധം** | | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 28/02/2019 തീയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരവും ധനകാര്യ പത്രിക റസീറ്റ് & പേമെന്റ് പത്രിക(R&P) പ്രകാരമുള്ള വരവ്-ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 18259270 | 8723655 |
| വരവ് | 158811939 | 75817183 |
| ആകെ | 177071209 | 84540838 |
| ചെലവ് | 174717470 | 73870199 |
| നീക്കിയിരിപ്പ് | 2353739 | 10670639 |

ബജറ്റ് പ്രകാരം 158811939 രൂപയുടെ പ്രതീക്ഷിത വരവും 174717470 രൂപയുടെ പ്രതീക്ഷിത ചെലവുമാണ് കണക്കാക്കിയത്.

### 1-2 വാർഷികധനകാര്യ പത്രിക

കൂട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 93252013/- രൂപയും ചെലവ് 9,91,56,838/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം 59,78,266/-(പ്രയർ പിരീഡ് ഉൾപ്പെടെ) രൂപയുമാണ്. 31/03/2020-ലെ പഞ്ചായത്തിന്റ ആസ്തിമൂല്യം 38029653/- രൂപയും ബാധ്യതകളുടെ മൂല്യം 18572191/- രൂപയും ജനറൽ ഫണ്ട് 8,879,262/- രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുടെ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി കാണുന്നു.

1. 31/03/2020 തീയതിയിലെ പഞ്ചായത്തിന്റെ ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല.
2. പഞ്ചായത്തിന് ലഭിച്ചതും ഫണ്ടിൽ അവശേഷിക്കുന്നതുമായ പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ(ബി-4) കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല.
3. പഞ്ചായത്ത് ഫണ്ടിൽ നിലനിൽക്കുന്ന വിവിധ ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ് വിശദാംശം രജിസ്റ്ററിൽ ലഭ്യമല്ല. കൃത്യമായ മുന്നിരിപ്പ് വിശദാംശങ്ങളുടെ അഭാവത്തിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് സാധിച്ചിട്ടില്ല.
4. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പഞ്ചായത്ത് ഭൂമിയുടെ മൂല്യം (Land) അക്കൗണ്ട് ചെയ്തിട്ടില്ല.
5. വസ്തുനികുതി ഡിമാന്റ്-കളക്ഷൻ-ബാലൻസ് സഞ്ചയ പ്രകാരമുള്ളത് സാംഖ്യ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.
6. 1-18 പ്രകാരം മുൻവർഷ ഇനമായി ക്രമീകരിച്ച തുകയുടെ വിശദാംശം വിശദീകരിക്കപ്പെട്ടിട്ടില്ല.
7. വിവിധ അഡ്വാൻസ്/ഡെപ്പോസിറ്റ് തുകകളുടെ വിനിമയം ഡെപോസിറ്റ് രജിസ്റ്ററിൽ കൃത്യമായി നിരീക്ഷിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
8. മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യ പത്രികയിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

9. വായ്പ തുക B5 ഷെഡ്യൂൾ B16 ഷെഡ്യൂൾ എന്നിവയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു. ആയത് വിശദീകരിച്ചിട്ടില്ല.

10. RP-38 ഫിക്സഡ് അസറ്റ് 410710102 ശീർഷകത്തിൽ 10 ലക്ഷം വാഹന വില ചേർക്കുന്നതിന് പകരം ഇൻഷ്വറൻസ് തുകയായ 99984/- രൂപയാണ്.ചേർത്തിരിക്കുന്നത്.

11. ബ്ലോക്ക് വിഹിതം നീക്കിയിരിപ്പ് 320700404ഹെഡിൽ നീക്കിയിരിപ്പുള്ള 242533/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് ഓരോ കണക്കുകളും വിശദീകരിക്കുന്ന അടിസ്ഥാന രേഖകൾ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി മറുപടിയിൽ ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

2019-20 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു

| | |
|---|---|
| മുന്നിരിപ്പ് | 8723655 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75817183 |
| ആകെ | 84540838 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73870199 |
| നീക്കിയിരിപ്പ് | 10670639 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1425121 |

## 1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് , മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | മുന്നിരിപ്പ് | അലോട്ട്മെന്റ്/ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 14306944/- | 14306944/- | 9255702/- | 5051242/- | 64.69 |
| വികസന ഫണ്ട്-എസ്.സി. | 0 | 4606698/- | 4606698/- | 2541583/- | 2065115/- | 55 |
| വികസന ഫണ്ട്-ടി.എസ്.പി. | 0 | 791502/- | 791502/- | 530608/- | 260894/- | 67 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 0 | 7075744/- | 7075744/- | 3646380/- | 3429364/- | 51.5 |
| മെയിന്റനൻസ് | 0 | 3251000/- | 3251,000/- | 1893834/- | 1357166/- | 58.25 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ്- NonRoad | | | | | | |
| മെയിന്റനൻസ് ഗ്രാന്റ്- Road | 0 | 4,192,000/- | 4,192,000/- | 2,309724/- | 1882276/- | 55.09 |
| ICDS കേന്ദ്രവിഹിതം | 379116/- | 603414/- | 982530/- | 437894/- | 544636/- | - |
| MGNREGA | 3820 | 24520569 | 24524389 | 24056626 | 467763 | |
| ജലനിധി | 2992820/- | 5479178/- | 8471998/- | 4438004/- | 4033994/- | - |
| സമ്പൂർണ്ണ ശുചിത്വ ഗ്രാന്റ്(TSC) | 700000/- | 0 | 700000/- | 0/- | 700000/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 1001379/- | 139000 | 1140379/- | 34000/- | 1106379/- | - |

വികസന ഫണ്ട് പൊതുവിഭാഗത്തിൽ പഞ്ചായത്ത് ചെലവഴിച്ച 7035114/- രൂപയും ജി.ഓ. പ്രോജക്റ്റിലൂടെ ക്രമീകരിച്ച 3271788/- രൂപയും ഉൾപ്പടെ (പ്രോജക്റ്റ് 5/20,193/20, 209/20 എന്നിവ പ്രകാരം)ആകെ ചെലവഴിച്ച തുക 9255702/- രൂപയാണ്. വികസന ഫണ്ട് -എസ്.സി.പി. പഞ്ചായത്ത് ചെലവഴിച്ച 22,76,877/- രൂപയും പ്രോജക്റ്റ് നം.194/20, 210/20 എന്നിവ പ്രകാരം ചെലവഴിച്ച 264706/- രൂപയും ഉൾപ്പടെ ആകെ ചെലവഴിച്ച തുക 2541583/- രൂപയുമാണ്. ഫണ്ട് അലോക്കേഷൻ തുകകൾ എ.സി.ആർ./സുലേഖ ചെലവ് പത്രിക പ്രകാരവും ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരവും വ്യത്യാസപ്പെട്ടിരിക്കുന്നു.

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കിൽ തെറ്റായി ചേർത്തിരിക്കുന്നതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്,തൊഴിലുറപ്പ് പദ്ധതി അക്കൗണ്ട് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

പഞ്ചായത്തിൽ നേരിട്ട് ലഭിക്കുന്ന പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ വിനിമയം നിരീക്ഷിക്കുന്നതിന് എ.സി.ആർ. തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ സൂചിപ്പിച്ച ഫണ്ടുകളുടെ വിനിമയത്തിന്റെ കൃത്യത വ്യക്തമല്ല. വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ അക്കൗണ്ടിങ്ങിലെ അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ. പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിമയ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 31.3.2020ലെ ഉത്തരവ് നം.2707/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 06.11.2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 29.11.2018 |
| നിർവ്വഹണോദ്യോഗസ്ഥരുടെ യോഗം | 19.12.2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 03.02.2019 |
| ഊരുകൂട്ടം /വയോജന/ഭിന്നശേഷി ഗ്രാമസഭ | 08.02.2019 |
| വികസനസെമിനാർ | 08.02.2019 |

ജനങ്ങളുടെ സാമ്പത്തിക വികസനവും സാമൂഹ്യനീതി ഉറപ്പാക്കലും ലക്ഷ്യമിട്ട് തയ്യാറാക്കിയ 2019-20 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 115272651/- രൂപയും ആകെ ചെലവ് 50676525/-

രൂപയുമാണ്. ചെലവുശതമാനം 43.96%.

സർക്കാർ ഉത്തരവ് നമ്പർ ഉത്തരവ് (സാധാ)990/2019/ത സ്വ. ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർപ്രോജക്ടുകൾക്കുൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാനബജറ്റ്പ്രകാരം അനുവദിച്ച തുകകളേക്കാൾ അധികമാകുന്നതിനിടയായി.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 394700 | 394700 | 100 |
| വെറ്ററിനറി സർജൻ | 9 | 9 | 3025000 | 2226520 | 73.6 |
| എം.ഒ (പിഎച്ച്സി) | 4 | 4 | 883540 | 527880 | 59.7 |
| വി ഇ ഒ | 15 | 13 | 70309652 | 28540679 | 40.59 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 7 | 6 | 3579505 | 3034400 | 85 |
| സെക്രട്ടറി | 28 | 24 | 6545241 | 5583434 | 85.3 |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 112 | 48 | 28956905 | 9549211 | 32.97 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 350000 | 284425 | 81.3 |
| അസിസ്റ്റന്റ് സെക്രട്ടറി | 11 | 7 | 1228108 | 535276 | 43.58 |
| ആകെ | 194 | 119 | 115272651 | 50676525 | 43.96 |

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 1.40 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>

2019-20 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ ലക്ഷ്യം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ലായെന്ന് കാണുന്നു. വികസനഫണ്ട് ചെലവഴിച്ചത് 59.5% മാത്രമാണ്. കൂടാതെ എസ് സിപി, ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം യഥാക്രമം 55%, 51.5% മാത്രമാണ്. നിർവ്വഹണ ഉദ്യോഗസ്ഥരുടെ അവലോകനയോഗങ്ങൾ ചേർന്ന് പദ്ധതി പുരോഗതി വിലയിരുത്തിയിരുന്നുവെങ്കിലും വേണ്ടത്ര ഫലപ്രദമായില്ല. തൻമൂലം പല നിർവ്വഹണ ഉദ്യോഗസ്ഥർക്കും പദ്ധതി നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കുവാൻ സാധിച്ചില്ല. അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തയ്യാറാക്കിയ 112 പ്രോജക്ടുകളിൽ 48 എണ്ണം മാത്രമാണ് (ചെലവ് ശതമാനം 32.97%) തൻവർഷം നടപ്പാക്കാൻ സാധിച്ചത്. ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗ്രാന്റ്-ഇനം | ലാപ്സായ തുക |
|---|---|
| വികസന ഫണ്ട്-ജനറൽ | 5051242/- |
| വികസന ഫണ്ട്-എസ്.സി. | 2065115/- |

| | |
|---|---|
| വികസന ഫണ്ട്- ടി.എസ്.പി. | 260894/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Untied) | 3429364/- |
| മെയിന്റനൻസ് ഗ്രാന്റ്-NonRoad | 1357166/- |
| മെയിന്റനൻസ് ഗ്രാന്റ്- Road | 1882276/- |
| ആകെ | 1,40,46,057 |
| | |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതം തുടർന്ന് സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ലാത്തതിനാൽ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 1.40 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 1.40കോടിയിലധികം രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ സംഘാടനം ഫലപ്രദമല്ല</u>

വർക്കിംഗ് ഗ്രൂപ്പുകൾ പുനസംഘടിപ്പിച്ചിരുന്നുവെങ്കിലും പലതും നിർജ്ജീവമാണെന്ന് കാണുന്നു. പല വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേർന്നുവെങ്കിലും പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുകയോ പദ്ധതി രൂപീകരണത്തിൽ പങ്ക് വഹിക്കുകയോ ചെയ്തിരുന്നില്ല. ഇത് പദ്ധതി രൂപീകരണത്തിൽ വർക്കിംഗ് ഗ്രൂപ്പുകൾ നിഷ്ക്രിയമായിരുന്നു എന്നത് വ്യക്തമാക്കുന്നു. അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇവയും ഫലപ്രദമായി നിർവ്വഹിക്കുന്നതായി കാണുന്നില്ല. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## <u>1-6 തൊഴിലുറപ്പ് പദ്ധതി</u>

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി പ്രകാരം 2019-20 വർഷം 2645 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർബജറ്റ്പ്രകാരം 274 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 162 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 120 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 81207 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു 1389 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി ജല സംരക്ഷണ പ്രവർത്തി,തോട് ആഴം കൂട്ടൽ, മിനി എം സി ഫ് നിർമ്മാണം,തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. തൻവർഷത്തെ ക്യാഷ് ബുക്ക് പ്രകാരമുള്ള വരവുചെലവുകണക്കുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല. 2019-20 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 3820 | 1527155 | 1530975 | 1063212 | 467763 |
| ഗുണഭോക്താക്കൾക്ക് നേരിട്ട്നൽകിയത് | | 22993414 | 22993414 | 22993414 | |
| ആകെ | 3820 | 24520569 | 24524389 | 24056626 | 467763 |

തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷികകണക്കിൽ തെറ്റായി ചേർത്തിരിക്കുന്നതിനാൽ ബാങ്ക് സ്റ്റേറ്റ്മെന്റ്, തൊഴിലുറപ്പ് പദ്ധതി അക്കൗണ്ട് സൂക്ഷിക്കുന്ന കാഷ് ബുക്ക് എന്നിവ പ്രകാരം പരിശോധിച്ച് ഉറപ്പാക്കിയ വിവരമാണ് മുകളിൽ ചേർത്തിരിക്കുന്നത്.

## 1-7 സാമൂഹ്യക്ഷേമ പദ്ധതികൾ

2019-20 വർഷം കുട്ടിക്കൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ താഴെ ചേർത്തിരിക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46080 | 25 |
| വാർദ്ധക്യകാലപെൻഷൻ | 9223200 | 3089 |
| കർഷകതൊഴിലാളി പെൻഷൻ | 987600 | 337 |
| വിധവാപെൻഷൻ | 2146200 | 731 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 159600 | 53 |
| വികലാംഗപെൻഷൻ | 950200 | 332 |
| വിവാഹ ധനസഹായം | 30000 | 1 |

## 1-8 ക്യാഷ്ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 31/08/2021-ന് 02:30 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 67948/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. . നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ / തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18/11/2019 | 10/2019 | കെ-7-51/2020/07/01/ |

| | | | |
|---|---|---|---|
| | | | 2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23.05.18 മുതൽ04.06.18 വരെ | 2013/14മുതൽ 2017/18വരെ | 23/11/2019 |

## 1-11 തൊഴിൽ നികുതി അടച്ചിട്ടില്ല.

2019-20 സാമ്പത്തിക വർഷം തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ നിരവധി സ്ഥാപനങ്ങളിൽ നിന്നു തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ജീവനക്കാർ

| സ്ഥാപനം | രണ്ടാം അർദ്ധവർഷം |
|---|---|
| ജലനിധി | അടച്ചിട്ടില്ല. |
| സീ വ്യൂ ഗ്രാനൈറ്റ് പറത്താനം | അടച്ചിട്ടില്ല. |
| തുടർവിദ്യാകേന്ദ്രം | അടച്ചിട്ടില്ല. |

2.സ്ഥാപന തൊഴിൽ നികുതി ഇടാക്കാത്ത സ്ഥാപനങ്ങൾ

| സ്ഥാപനം | അർദ്ധവർഷം |
|---|---|
| മരിയ ഫിനാൻസ് -കൂട്ടിക്കൽ | രണ്ടാം അർദ്ധവർഷം |
| എെശ്വര്യ ഫിനാൻസ്-ഏന്തയാർ | ഇരു അർദ്ധവർഷവും അടച്ചിട്ടില്ല |
| ക്ഷീര കർഷക സംഘങ്ങൾ-പറത്താന,ഏന്തയാർ,കൂട്ടിക്കൽ,ഇളംകാട് | ഇരു അർദ്ധവർഷവും അടച്ചിട്ടില്ല |
| അഗ്രി ഇംപ്രൂവ് മെന്റ് കോപ്പറേറ്റീവ് സൊസൈറ്റി-കൂട്ടിക്കൽ | ഇരു അർദ്ധവർഷവും അടച്ചിട്ടില്ല |
| ആൽഫ ഫൈനാൻസിയേഴ്സ്-പറത്താനം,കൂട്ടിക്കൽ,ഏന്തയാർ,ഇളംകാട് | ഇരു അർദ്ധവർഷവും അടച്ചിട്ടില്ല |
| പരുത്തുപ്പാറ ഫിനാൻസ്-ഇളംകാട് | ഇരു അർദ്ധവർഷവും അടച്ചിട്ടില്ല |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും അടിയന്തിരമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 വെട്ടിക്കാനം കുടിവെള്ളപദ്ധതിയ്ക്ക് മോട്ടോർ സ്ഥാപിക്കൽ- പഴയ മോട്ടോർ ലേലം ചെയ്ത് മുതൽക്കൂട്ടിയിട്ടില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വെട്ടിക്കാനം കുടിവെള്ളപദ്ധതിയ്ക്ക് 5HP മോട്ടോർ

സ്ഥാപിക്കുന്നതിനായി 2019-20 വർഷം ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം വകയിരുത്തി 40,000/-രൂപ അടങ്കലായി പ്രൊജക്റ്റ് തയ്യാറാക്കുകയും 39828/-രൂപ(ബിൽ നം 31/9-1-20) ചെലവഴിക്കുകയും ചെയ്തിരുന്നു. എന്നാൽ പഴയ ഉപയോഗശൂന്യമായ മോട്ടോർ ഗ്രാമപഞ്ചായത്തിന് തിരികെ കൈമാറി നൽകിയതായി കാണുന്നില്ല. നിലവിലുണ്ടായിരുന്ന പഴയ മോട്ടോർ ഗ്രാമപഞ്ചായത്തിന് കൈമാറി ലേലം ചെയ്ത് മുതൽക്കൂട്ടിയിരുന്നോ എന്നത് വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം6) മറുപടിയായി പഴയമോട്ടോർ ലേലം ചെയ്ത് തനത് ഫണ്ടിലേക്ക് മുതൽകൂട്ടി തുടർനടപടി സ്വീകരിക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. പഴയ മോട്ടോർ തിരികെ വാങ്ങി ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-13 വൗച്ചറുകളും അനുബന്ധരേഖകളും ഹാജരാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ 05/2019 ലെ വൗച്ചറുകളും അനുബന്ധരേഖകളും ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കിയിരുന്നില്ല. ആയത് ഹാജരാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം4,7 എന്നിവ നൽകിയിരുന്നുവെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കുന്നില്ലായെന്നും കണ്ടെത്തുന്നതിന് തീവ്രശ്രമങ്ങളുണ്ടെന്നും ആയത് മനപൂർവ്വമായ വീഴ്ചയല്ലായെന്നും അറിയിച്ചിരുന്നു. 5/2019മാസത്തെ ബിൽ രജിസ്റ്റർ പ്രകാരമുള്ള ചെലവുകളിൽ എസ്റ്റാബ്ലിഷ്മെന്റുമായി ബന്ധപ്പെട്ട ചെലവുകൾ അക്വിറ്റൻസ് രജിസ്റ്റർ, ബന്ധപ്പെട്ട ഫയലുകൾ എന്നിവ പരിശോധിച്ച് ഉറപ്പാക്കിയിരുന്നുവെങ്കിലും മറ്റ് ചെലവുകൾ പരിശോധിച്ച് ബോധ്യപ്പെട്ടിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | തിയതി | തുക | റിമാർക്സ് |
|---|---|---|---|
| 21900075 | 03.05.19 | 320000 | ലൈഫ് മിഷൻ |
| 21900076 | 03.05.19 | 3602 | പോളിംഗ് ബൂത്തിന്റെ നവീകരണം |
| 21900077 | 03.05.19 | 9306 | പോളിംഗ് ബൂത്തിന്റെ നവീകരണം |
| 21900091 | 14.05.19 | 6400 | റീ ഫ്രഷ് മെന്റ് ചാർജ് |
| 21900096 | 14.05.19 | 7980 | 3 Phase Connection -K R Narayanan Smraka Hall |
| 21900122 | 20.05.19 | 30000 | പെർഫോമൻസ് ഓഡിറ്റിന് നൽകിയ തുക |
| 21900123 | 20.05.19 | 1260 | വാഹന വാടക (നാസർ വി.എച്ച്) |
| 21900124 | 20.05.19 | 4500 | വേജസ് -ക്ലീനിംഗ് |
| 21900127 | 22.05.19 | 2520 | കുടിവെള്ള വിതരണം |
| 21900129 | 25.05.19 | 40000 | കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരികെ അടച്ച തുക |

| | | | |
|---|---|---|---|
| 21900130 | 28.05.19 | 2280 | ജലനിധി ഓഫീസിലേയ്ക്ക് എ 4 പേപ്പർ വാങ്ങിയത് |
| 21900132 | 28.05.19 | 7050 | റീ ഫ്രഷ് മെന്റ് ചാർജ്-ജലനിധി |
| 21900133 | 28.05.19 | 11610 | ശമ്പളം-എൻ.എച്ച്.എം അറ്റൻഡർ |
| 21900139 | 31.05.19 | 4400 | പ്രിന്റിംഗ് ചാർജ് |
| ആകെ | | 450908 | |

മേൽ ചെലവുകൾ സംബന്ധിച്ച വൗച്ചറുകളും അനുബന്ധരേഖകളും ഓഡിറ്റിന് പരിശോധനക്കായി ലഭ്യമായിട്ടില്ലാത്തതിനാൽ കേരളപഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ ചട്ടം 12(2) പ്രകാരം രേഖകൾ ഹാജരാക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം അത്തരം രേഖയോ കണക്കോ നിലവിലില്ലായെന്ന് കരുതപ്പെടുന്നതാണ് എന്ന് അനുശാസിക്കുന്നു. ടി സാഹചര്യത്തിൽ ചെലവഴിച്ച 450908 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വൗച്ചറുകൾ ഹാജരാക്കാത്തപക്ഷം ടി തുക നിരാകരികരിക്കുന്നതും ടി കാലയളവിലെ സെക്രട്ടറിയുടെ ബാദ്ധ്യതയായി മാറുന്നതുമാണ്.

## 1-14 ഗ്രാമപഞ്ചായത്തിൽ വിവിധ ബോർഡുകൾ സ്ഥാപിക്കൽപ്രൊജക്റ്റ് - വികസന ഫണ്ട് പിൻവലിച്ച് തനത് ഫണ്ടിൽ സൂക്ഷിക്കുന്നു-ക്രമവിരുദ്ധം

| | |
|---|---|
| പ്രൊ.നം&പേര് | 128/20 ഗ്രാമപഞ്ചായത്ത് ഓഫീസിൽ വിവിധ ബോർഡുകൾ സ്ഥാപിക്കൽ |
| അടങ്കൽ | 30000/-(വികസനഫണ്ട് -പൊതുവിഭാഗം) |
| ചെലവ് | 29600/-(ബിൽ നം2/8-5-19) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പ്രസ്തുത പ്രൊജക്റ്റിനായി 29600/- രൂപ വികസഫണ്ടിൽ നിന്നും ചെലവഴിച്ചിരുന്നു. ഗ്രാമപഞ്ചായത്തിൽ വിവിധ സ്ഥലങ്ങളിലായി 6ബോർഡുകൾ സ്ഥാപിക്കുന്നതിന് കുറഞ്ഞ ക്വട്ടേഷൻ ലഭിച്ച ശ്രീ.കെ എസ് ബിജു എന്നയാൾക്ക് കരാർ നൽകിയിരുന്നു. ബോർഡുകൾ സ്ഥാപിച്ച് ടിയാൾക്ക് തുക നൽകിയതിൽ നിന്നും 12% തുകയായ 3552/-രൂപ ഈടാക്കി ഗ്രാമപഞ്ചായത്തിന്റെ ട്രഷറി അക്കൗണ്ടിലേക്ക് മാറ്റിയിട്ടിരുന്നു. വികസനഫണ്ട് പിൻവലിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ നിക്ഷപിക്കാനുണ്ടായ സാഹചര്യം വിശദീകരിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം6) മറുപടിയായി ടി തുക കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് തിരിച്ചടയ്ക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ചെയ്ത പ്രവൃത്തിയ്ക്ക് ഓവർസിയർ വാല്യുവേഷൻ എടുക്കാതെയാണ് തുക നൽകിയത്. പ്രസ്തുത പ്രവൃത്തിയും വിശദീകരിക്കപ്പെട്ടിരുന്നില്ല. അനധികൃതമായി വികസനഫണ്ടിൽ നിന്നും പിൻവലിച്ച് ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കുന്ന തുക സർക്കാരിലേക്ക് തിരികെ അടയ്ക്കേണ്ടതാണ്.

## 1-15 റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ച് പുതിയ കെട്ടിടനിർമ്മാണം-ക്രമവിരുദ്ധം

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ഞർക്കാട് ടോപ്പ് അംഗൻവാടിയ്ക്ക് പുതിയ കെട്ടിടം നിർമ്മാണത്തിനായി റോഡിതര മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് രണ്ട് പ്രൊജക്റ്റ് തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്തിരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊ.നം &പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 168/20ഞർക്കാട് ടോപ്പ് അംഗൻവാടി നിർമ്മാണം | 750000 | 749398 (ബിൽ നം 25/2-9-19) |
| 127/20 ഞർക്കാട് ടോപ്പ് അംഗൻവാടി നിർമ്മാണം(രണ്ടാംഘട്ടം) | 220500 | 219940 (ബിൽ നം 42/18-1-20) |

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ്, അനുബന്ധസൗകര്യങ്ങൾ മെച്ചപ്പെടുത്തുക, എന്നിവയ്ക്കാണ് റോഡിതര മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാവുന്നത്. പുതിയ കെട്ടിടനിർമ്മാണത്തിന് റോഡിതരമെയിന്റനൻസ് ഗ്രാന്റ് അനുവദിച്ചതിന്റെ സർക്കാർ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 5)മറുപടിയായി അനുമതി ഉത്തരവ് ലഭ്യമാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. സർക്കാർ അനുമതി ലഭ്യമാക്കാതെ ഫണ്ട് വകമാറ്റി ചെലവ് ചെയ്ത 749398+219940=969338/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-16 വനിതാ ഗ്രൂപ്പുകൾക്ക് വാഴവിത്തും വളവും-സബ്സിഡി മാർഗ്ഗരേഖ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നം/പ്രോജക്റ്റ് | 78/19-20, വനിതാ ഗ്രൂപ്പുകൾക്ക് വാഴവിത്തും വളവും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷിഓഫീസർ |
| അടങ്കൽ | വികസനഫണ്ട്-45500/-+ഗുണഭോക്തൃവിഹിതം12500/-<br>ആകെ 58000/- |
| ചെലവ് | വികസനഫണ്ട് -45500/- ബിൽ നം 05/19-20<br>ഗുണഭോക്തൃവിഹിതം-12500/-<br>ആകെ - 58000/- |

പ്രോജക്റ്റ് പ്രകാരം പഞ്ചായത്ത് പരിധിയിലെ തെരഞ്ഞെടുക്കപ്പെട്ട 5 കുടുംബശ്രീ ഗ്രൂപ്പുകൾക്കായി 500 വാഴവിത്തും 2175 കി ഗ്രാം ജൈവവളവും വിതരണം ചെയ്തിട്ടുണ്ട് (ഗ്രൂപ്പ് ഒന്നിന് 100 വാഴവിത്തും 435 കി ഗ്രാം ജൈവവളവും). ഇതിൽ വാഴവിത്തിന് 16രൂപ പ്രകാരം 500 എണ്ണത്തിന്റെ വിലയായി 8000/-രൂപ കുട്ടിക്കൽ കാർഷിക സേവന കേന്ദ്രത്തിനും ജൈവവളം കി ഗ്രാമിന് 23 രൂപ നിരക്കിൽ 2175 കി

ഗ്രാമിന് 50025/- രൂപയും (37500/- വി ഫണ്ടും 12500 ഗുണ.വിഹിതം) ഏന്തയാർ റബർ ഉല്പാദക സംഘത്തിനും നല്കിയിട്ടുണ്ട് (50000/- രൂപയായി നിജപ്പെടുത്തി). ആകെച്ചെലവ് 58000/- രൂപ. ഇതിൽ വാഴ വിത്ത് 100% സബ്സിഡിയോടെയും ജൈവവളം 75% സബ്സിഡിയോടെയും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

14-2-2018 ലെ സ ഉ(കൈ)നം 22/2018 തസ്വഭവ ,സബ്സിഡി മാർഗ്ഗരേഖ 6-1-1 പ്രകാരം പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവവളം പർച്ചേസ് കമ്മറ്റിയുടെ അനുമതിയോടെ കർഷകർ വാങ്ങി ഉപയോഗിക്കേണ്ടതാണ്. യൂണിറ്റ് ചെലവായി കോട്ടയം ജില്ലാ ആസൂത്രണസമിതി ജൈവവളത്തിന് നിശ്ചയിച്ചിട്ടുള്ളത് (ഉത്തരവ് നം 1891/19/ഡി പി സി/ഡിപിഒ/കെ റ്റി എം തീ 22/10/2019) 12-20/- രൂപ/കി.ഗ്രാം ആണ്. ഇതു പ്രകാരം 2175 കി.ഗ്രാം വളത്തിനും 500 വാഴ വിത്തിനുമായി ആകെ ചെലവഴിച്ചതും ചെലവഴിക്കാവുന്നതുമായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ചെലവഴിച്ച തുക | ചെലവഴിക്കാവുന്ന തുക | അധികം ചെലവഴിച്ചത് |
|---|---|---|---|
| വികസനഫണ്ട് | 45500<br>(2175 കി ഗ്രാം | 32625/-(വളം 75%സബ്സിഡി) | 4875/- |
| | | 8000/-(വിത്ത്) | |
| ഗുണഭോക്തൃവിഹിതം | 12500 | 10875/- | 1625/- |
| ആകെ | 58000 | =51500 | 6500/- |

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

- ഉല്പാദിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും കർഷകർ നേരിട്ട് വളം വാങ്ങണമെന്ന നിബന്ധന പാലിക്കാതെ ഇടനിലക്കാരായി ഏന്തയാർ റബർ ഉല്പാദക സംഘത്തെ ഉൾപ്പെടുത്തി അവരുടെ ബില്ല് പ്രകാരം തുക നല്കി.
- 22-10-2019 ൽ പോലും 12-20 രൂപ യൂണിറ്റ് ചെലവായി നിശ്ചയിച്ച വളത്തിന് മുൻതീയതിയിൽ 23 രൂപ പ്രകാരം നല്കിയത് മൂലം ഇടനിലക്കാർക്ക് ലാഭമുണ്ടാക്കുന്നതിന് അവസരം നല്കി.
- അഞ്ച് സംഘങ്ങൾക്ക് 2175കി ഗ്രാം വളം വാങ്ങിയപ്പോൾ 10.8രൂപ പ്രകാരം 23465/- രൂപ അധികച്ചെലവ് ഉണ്ടായി(വികസനഫണ്ട് 17599/-, ഗുണഭോക്തൃവിഹിതം5866/-)
- വളം ഉല്പാദകരുടെ ബില്ല് പരിശോധനക്ക് ലഭിച്ചില്ല

അപാകതകളിൽ വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടിയായി നിരക്ക് പരിഷ്കരിച്ചിട്ടില്ല എന്നും വളം വാങ്ങുന്നതിന് കൃഷിവകുപ്പിന് പ്രത്യേക നിബന്ധനകൾ ഉള്ളതിനാൽ ബില്ലുകൾ ഹാജരാക്കേണ്ട ആവശ്യമില്ലായെന്നും മറുപടി നല്കി. ഈ സാഹചര്യത്തിൽ സബ്സിഡി ഇനത്തിൽ അധികം നല്കിയ 4875/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്. മാർഗ്ഗരേഖക്ക് വിരുദ്ധമായാണ് വാങ്ങൽ നടത്തിയിട്ടുള്ളത് എങ്കിലും പ്രോജക്ടിന്റെ ഉദ്ദേശശുദ്ധി കണക്കിലെടുത്ത് വളം വാങ്ങലിന് ഇട നിലക്കാരെ ഉൾപ്പെടുത്തുക വഴി നഷ്ടം ഉണ്ടായിട്ടില്ല എന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതുമാണ്.

<u>1-17 ലൈഫ് പദ്ധതി അവലോകനം.</u>

ലൈഫ് ഭവനപദ്ധതി പ്രകാരം 2019-20 സാമ്പത്തിക വർഷം ആകെ 23 ഗുണഭോക്താക്കളാണ് ഭവനനിർമ്മാണത്തിനായി കരാറിൽ ഏർപ്പെട്ടത്. ജനറൽ വിഭാഗത്തിലും എസ്.സി വിഭാഗത്തിലുമായി ആകെ 4 പ്രോജക്റ്റുകളാണ് നടപ്പിലാക്കിയത്. 23 ഗുണഭോക്താക്കളിൽ 12 പേർ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ ഭവന നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു. 2019-20 വർഷത്തെ ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പർ | ബ്ലോക്ക് വിഹിതം | ജില്ലാ പഞ്ചായത്ത് വിഹിതം | സംസ്ഥാന വിഹിതം | വായ്പ |
|---|---|---|---|---|
| 17/20 | 2356756 | 2363244 | | |
| 18/20 | 386797 | 140000 | | |
| 152/20 | | | 1670614 | |
| 153/20 | | | | 20060000 |
| ആകെ | 2743553 | 2503244 | 1670614 | 20060000 |

**1-18 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനോപകരണം- ടെൻഡർ നടപടികളിൽ സുതാര്യതയില്ല.**

| | |
|---|---|
| പ്രൊജ.നം | 27/19-20 |
| അടങ്കൽ | 90000 (എസ് സി പി |
| ചെലവ് | 88450 (ബിൽ നം 9/23-1-20) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

പ്രസ്തുത പ്രൊജക്റ്റ് പ്രകാരം എസ് സി വിഭാഗത്തിൽപ്പെട്ട 29 ഗുണഭോക്താക്കൾക്ക് ടേബിൾ, ചെയർ എന്നിവ വാങ്ങുന്നതിനായി ടെൻഡർ ക്ഷണിച്ചതിൽ ജോജിൽ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 2947/- രൂപയും സ്റ്റീൽവെൽ ,വെള്ളാക്കൽ എന്ന സ്ഥാപനം 3050/- രൂപയും ക്വാട്ട് ചെയ്തിരുന്നു. എന്നാൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്താതെ സ്റ്റീൽവെൽ എന്ന സ്ഥാപത്തിൽ നിന്നുമാണ് വാങ്ങൽ നടത്തിയത്. കൂടാതെ ഫർണിച്ചറുകൾ സ്കൂൾ അധികൃതർ മുഖേന വിതരണം ചെയ്യണം എന്ന സർക്കാർ നിബന്ധനപാലിച്ചിരുന്നില്ല. പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി (നം1-/19-20) സാമ്പിൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടതിൽ സ്റ്റീൽവെൽ എന്ന സ്ഥാപനം മാത്രമാണ് സാമ്പിൾ ഹാജരാക്കിയത് എന്നും പർച്ചേസ് കമ്മറ്റി തീരുമാനപ്രകാരവുമാണ് കൂടിയ നിരക്ക് ക്വാട്ട് ചെയ്ത സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയത് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ മറുപടി അംഗീകരിക്കാവുന്നതല്ല. സാമ്പിൾ ഹാജരാക്കുന്നതിന് രണ്ടു സ്ഥാപനങ്ങളോടും ആവശ്യപ്പെട്ടുകൊണ്ടുള്ള കത്ത് ഫയലിലില്ല. രണ്ട് സ്ഥാപനങ്ങളുടെയും സാമ്പിൾ ആവശ്യപ്പെടാതെ, സാമ്പിൾ ഹാജരാക്കിയ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയ നടപടി അംഗീകരിക്കാവുന്നതല്ല. കൂടാതെ പഞ്ചായത്ത് കമ്മറ്റി പ്രസ്തുത തീരുമാനം അംഗീകരിച്ചിട്ടുമില്ല. നടപടിക്രമങ്ങളിൽ സുതാര്യതയില്ലാത്തതുമൂലം ഫർണീച്ചർ സെറ്റിന് 103/- (3050-2947) രൂപ നിരക്കിൽ 2987/- രൂപ അധികം നൽകാനിടയായി. ടി തുക ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യ പത്രിക-ഓഡിറ്റ് സർട്ടിഫിക്കറ്റുകളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷിക ധനകാര്യപത്രിക എയിംസ് സോഫ്റ്റ് വെയർ മുഖേന ഓൺലൈനായി നിയമപരമായ സമയപരിധിക്കുള്ളിൽ ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക ഓഡിറ്റ് സമയത്ത് പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി നല്കിയിട്ടുണ്ട്. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീപ്റ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, 31/03/2020-ലെ ബാലൻസ് ഷീറ്റ് എന്നിവ യഥാക്രമം അനുബന്ധം-3, 4, 5 ആയി ചേർത്തിരിക്കുന്നു.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | ലഭിച്ച തിയതി | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 78286 | 19-20 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 78286 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 2356756 | 19-20 | ലൈഫ് മിഷൻ ജനറൽ | 2356756 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 696725 | 19-20 | ലൈഫ് മിഷൻ(എസ്.സി,പി) | 386797 | 309928 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 150000 | 19-20 | മിൽക്ക് ഇൻസെന്റീവ് | 150000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 100000 | 19-20 | പാലിയേറ്റീവ് കെയർ | 100000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 100000 | 19-20 | അനുപൂരക പോഷകാഹാരം | 100000 | 0 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 600000 | 19-20 | റോഡ് പുനരുദ്ധാരണം | 472821 | 127179 |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 53440 | 19-20 | പാലിയേറ്റീവ് കെയർ | 53440 | |
| കാഞ്ഞിരപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് | 200000 | 19-20 | അനുപൂരക പോഷകാഹാരം | 200000 | |
| ജില്ലാ പഞ്ചായത്ത് | 2363244 | 19-20 | ലൈഫ് മിഷൻ ജനറൽ | 2363244 | |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 140000 | 19-20 | ലൈഫ് മിഷൻ -SCP | 140000 | |
| ജില്ലാപഞ്ചായത്ത് | 162500 | 19-20 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 162500 | |

## 4-3 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

തൻവർഷം നിക്ഷേപപ്രവർത്തികൾ ഒന്നും നടന്നില്ല

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2019-20 ധനകാര്യ പത്രിക പ്രകാരം തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും തുകകൾ ഒന്നും നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 വർഷം പഞ്ചായത്തിന് വായ്പ ലഭിച്ചതിന്റേയും തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടേയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം എടുത്ത വായ്പ | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ഹഡ്കോ വായ്പ(KURDFC) ജി ഓ എം എസ്68/2018 തസ്വഭവ തീ18-5-2018 | 14425683 | 15974317/- | 2705294/- | - | 27694706/- |

193/20, 194/20, 209/20, 210/20 നം. പ്രോജക്ടുകൾ പ്രകാരം യഥാക്രമം 1110294/-രൂപ,, 132353/-രൂപ, 1110294/-രൂപ, 132353/-രൂപ, എന്നിങ്ങനെ ആകെ 2485294/- രൂപ വികസന ഫണ്ട് അലോട്ട്മെന്റിൽ ക്രമീകരിച്ചും ഗുണഭോക്താവ് തിരികെ അടച്ച 220,000/- രൂപ കൂടി ഉൾപ്പെടുത്തിയുമാണ് വായ്പ തിരിച്ചടവ് നടത്തിയത്.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

വാർഷിക ധനകാര്യ പത്രിക 31/03/2020-ലെ ബാലൻസ് ഷീറ്റ് പ്രകാരം പഞ്ചായത്തിന് സ്ഥിരനിക്ഷേപം ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

2019-20 വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല. പഞ്ചായത്തിൽ ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സാമ്പത്തിക വർഷം തിരിച്ച് ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിക്കുന്ന തുകകളുടെ വിവരം രജിസ്റ്റർ തയ്യാറാക്കി റിക്കവറിക്ക് ആധാരമായ ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക, ഒടുക്കിയ ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും, ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയ എല്ലാ വിശദാംശവും ഉൾപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ളതും സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകൾ ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം ചാർജ്/സർച്ചാർജ് നടപടികൾ നിലനിൽക്കുന്ന ഖണ്ഡികകൾ ഇല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 75817183 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73870199 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1425121 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| | | ഇല്ല | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക-നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 450908 | ശ്രീ.നാസർ.സി.എസ്, സെക്രട്ടറി |
| 1-15 | 749398 | ശ്രീമതി. ദീപ കൃഷ്ണൻ, അസി.എഞ്ചിനീയർ |
| | 219940 | ശ്രീ. അജീഷ്.കെ.ജി, അസി.എഞ്ചിനീയർ |
| 1-16 | 4875 | ശ്രീമതി. സിന്ധു.കെ.മാത്യു, കൃഷി ഓഫീസർ |
| ആകെ | 1425121 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 97-98 ചെലവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | |
| 97-98 വരവ് | എൽ.എഫ്.കെ.പി.13/623(1)അദാലത്ത്/14/28.11.14 | 1 |
| 98-99 | എൽ.എഫ്.കെ.പി.13/623(2)അദാലത്ത്/14/23.12.14 | 1 |

| | | |
|---|---|---|
| ചെലവ് | | |
| 98-99 വരവ് | കെ.എസ്.എ-കെ.ടി.എം.പി.11/ അദാലത്ത്/18/202(1)/ 20.2.18 | റിപ്പോർട്ട് തീർപ്പാക്കി |
| 1999-00 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(2)/18/20.2.18 | 2 |
| 2000-01 | കെ.എസ്.എ-കെ.ടിഎം.പി.11/അദാ/18/202(3)/ 20.02.18 | |
| 2001-02 | കെ.എസ്.എ-കെ.ടി.എം.പി.11/അദാ/18/202(4)/ 20.02.18 | 3 |
| 2002-03 ചെലവ് | എൽ.എഫ്.കെ.പി9/812/06/27.1.07 | 1 |
| 2002-03 വരവ് | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(5)/18/20.2.18 | 23 |
| 2003-04 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/ 18/202(6)/18/20.2.18 | 3 |
| 2004-05 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/ 18/202(7)/18/20.2.18 | 4 |
| 2005-06 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(8)/18/20.2.18 | 4 |
| 2006-07 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(9)18/20.2.18 | 6 |
| 2007-08 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(10)18/20.2.18 | 4 |
| 2008-09 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(11)18/20.2.18 | റിപ്പോർട്ട് തീർപ്പാക്കി |
| 2009-10, 10-11 | കെ.എസ്.എ-കെ.ടി.എം.പി.11/അദാലത്ത്/18/ 202(12)18/20.2.18 | 3 |
| 2011-12, 12-13 | കെ.എസ്.എ-കെ.ടി.എം.പി.13/589/15/23.08.16 | 13 |
| 2013-14 2014-15 | കെ.എസ്.എ-കെ.ടി.എം.പി.11/ അദാലത്ത്/18/202(13)/20.02.18 | 3 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.13/1726/16/31.08.17 | 18 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.11/81/19/6.6.19 | 9 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി.11/319/2019/17.4.19 | 10 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി.11/1017/20113-8-2019 | |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കുട്ടിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്